# തെങ്ങുകയറ്റ പരിശീലനം 4190പേർക്ക്

കൊച്ചി● നാളികേര വികസന ബോർഡ് നടപ്പാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പദ്ധതി പ്രകാരം തെങ്ങിൽ കയറാൻ പരിശീലനം നേടിയവരുടെ എണ്ണം 4190 ആയി. മാർച്ച് മാസത്തിനകം അയ്യായിരം യുവതീയുവാക്കൾക്കു പരിശീലനം നൽകുകയാണു ലക്ഷ്യം. യന്ത്ര സഹായത്തോടെയാണു തെങ്ങുകയറ്റം.

കൂടുതൽ പേർ പരിശീലനം നേടിയത് എറണാകുളം ജില്ലയിലാണ്; 545 പേർ. ഏറ്റവും കുറവ് ഇടുക്കിയിലാണ്. 66 പേർ മാത്രം. ഗ്രാമീണ മേഖലകളിൽ 40 അടി ഉയരമുള്ള തെങ്ങിൽ കയറുന്നതിനു 15 രൂപയും അതിൽ കൂടുതൽ ഉയരമുള്ള തെങ്ങിൽ കയറുന്നതിന് 20 രൂപയുമാണു ബോർഡ് നിശ്ചയിച്ച വേതനം. പട്ടണങ്ങളിൽ എല്ലാ തെങ്ങുകൾക്കും 20 രൂപയാണു കൂലി.